**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410** **18-01-2021 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം സബ് താലൂക്ക് താലൂക്കായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കുന്ദമംഗലത്ത് പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനത്ത് എത്ര ഉദ്യോഗസ്ഥരാണ് നിലവിലിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്ദമംഗലത്ത് പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനത്ത് ഡെപ്യൂട്ടി തഹസിൽദാർ-1, സീനിയർ ക്ലർക്ക്-1, ക്ലാർക്ക്-1, അറ്റൻഡർ-1, ഓഫീസ് അറ്റൻഡന്റ്-1, ഫുൾടൈം സ്വീപ്പർ-1 എന്നിങ്ങനെ 6 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ജീവനക്കാരിൽ ഡെപ്യൂട്ടി തഹസിൽദാർ, അററൻഡർ എന്നീ തസ്തികകളിലുള്ള ജീവനക്കാർ കോഴിക്കോട് സബ് കളക്ടർ ഓഫീസിലും, ക്ലർക്ക് തസ്തികയിലുള്ള ജീവനക്കാരൻ കോഴിക്കോട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) എൻ.എച്ച് ഓഫീസിലും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിലവിൽ ജോലി ചെയ്തു വരുന്നു. കുന്ദമംഗലത്ത് പ്രവർത്തിച്ചു വരുന്ന സബ്താലൂക്ക് ആസ്ഥാനത്ത് നിലവിൽ 3 ഉദ്യോഗസ്ഥരാണ് ജോലി ചെയ്തു വരുന്നത്. |
| (ബി) | ഇവിടം കേന്ദ്രീകരിച്ച് ഈ ഓഫീസിന് കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള അധികാരം ഉൾപ്പെടെ, ആവശ്യത്തിനുള്ള സ്റ്റാഫിനെ നല്കി കുന്ദംകുളം സബ് താലൂക്ക് ഓഫീസിനെ താലൂക്ക് ഓഫീസായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്ന പ്രസ്തുത ശുപാർശ പരിഗണിക്കാനാവില്ലെന്ന് കണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ശുപാർശ പുന:സമർപ്പിക്കുവാനും അതുവരേയ്ക്കും തൽസ്ഥിതി തന്നെ തുടരുവാനും ലാന്റ് റവന്യു കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | ജോലിഭാരം മൂലം പ്രയാസപ്പെടുന്ന കോഴിക്കോട് താലൂക്ക് വിഭജിച്ച് കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്തെ ഒരു താലൂക്കായി | (സി) | സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള അധികാരം ഉൾപ്പെടെ, ആവശ്യത്തിനുള്ള സ്റ്റാഫിനെ നല്കി കുന്ദംകുളം സബ് താലൂക്ക് ഓഫീസിനെ താലൂക്ക് ഓഫീസായി ഉയർത്തുന്ന |

| | | | |
|---|---|---|---|
| | ഉയർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | | കാര്യം സർക്കാർ പരിഗണിച്ചുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്ന പ്രസ്തുത ശുപാർശ പരിഗണിക്കാനാവില്ലെന്ന് കണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ശുപാർശ പുന:സമർപ്പിക്കുവാനും അതുവരേയ്ക്കും തൽസ്ഥിതി തന്നെ തുടരുവാനും ലാന്റ് റവന്യു കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള അധികാരം ഉൾപ്പെടെ, ആവശ്യത്തിനുള്ള സ്റ്റാഫിനെ നല്കി കുന്ദംകുളം സബ് താലൂക്ക് ഓഫീസിനെ താലൂക്ക് ഓഫീസായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്ന പ്രസ്തുത ശുപാർശ പരിഗണിക്കാനാവില്ലെന്ന് കണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ശുപാർശ പുന:സമർപ്പിക്കുവാനും അതുവരേയ്ക്കും തൽസ്ഥിതി തന്നെ തുടരുവാനും ലാന്റ് റവന്യു കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ